കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം:KSA/KNR/C3-2080/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.
e-Mail : lfaddistofficeknr@gmail.com
Phone : 0497 2707698.

തീയതി: 01/12/2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-2, 3-5, 3-6, 3-7 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).

3) കാര്യാലയ പകർപ്പ്.

നം: KSA/KNR/C3-2080/2016. തിയ്യതി : 01/12/2016.

# കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ

# 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.15.2016 മുതൽ 14.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-10-16 മുതൽ 21-10-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1)ശ്രീ.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>2)ശ്രീ.സുധീഷ് എം.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3)കനകരാജൻ.ഇ, സീനി.ഗ്രേ.ഓഡിറ്റർ<br>4)ദിലീപ് കുമാർ.കെ.എൻ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി.സുലജ | 1.4.15 മുതൽ 30.9.15വരെ |

| | | |
|---|---|---|
| | 01.10.15 മുതൽ 18.11.15 വരെ സെക്രട്ടറി, കൃഷി ഓഫീസർ, ഐ.സി. ഡി.എസ്. സൂപ്പർവൈസർ എന്നിവർ അടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായിരുന്നു ഭരണം നടത്തിയിരുന്നത്. | |
| | ബാലകൃഷ്ണൻ ഇ. പി | 19.11.15 മുതൽ 31.3.16വരെ |
| സെക്രട്ടറി | ശ്രീ വി.രഘുധരൻ | 1.4.15 മുതൽ 23.7.15വരെ |
| | ശ്രീ അനിൽ കെ.എൻ | 24.7.15 മുതൽ 31.3.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ യു.വി.രാജീവൻ<br>നിഷ വി.വി<br>ഉല്ലാസൻ<br>വാമനൻ<br>ഗണേശൻ | 01.04.15മുതൽ18.06.15FNവരെ<br>18.06.15ANമുതൽ16.09.15വരെ<br>17.09.15മുതൽ27.01.16വരെ<br>27.01.16മുതൽ16.03.16വരെ<br>16.03.16മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | ശ്രീമതി റൂബി ജാനറ്റ് ജോണി | 01.04.15മുതൽ31.03.16വരെ |
| വെറ്റിനറി സർജൻ | ഡോ സുജോയ് | 01.04.15മുതൽ31.03.16വരെ |
| ഹെഡ്മാസ്റ്റർ<br>ജി.എൽ. പി. എസ്, ചെറുവിച്ചേരി | ശശികല | 01.04.15മുതൽ31.03.16വരെ |
| വി.ഇ.ഒ കടന്നപ്പള്ളി | ജീന കൃഷ്ണൻ | 01.04.15മുതൽ31.03.16വരെ |
| വി.ഇ.ഒ പാണപ്പുഴ | ശ്രീ സുരേന്ദ്രൻ ടി.വി | 01.04.15മുതൽ31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മിക്കുട്ടി | 01.04.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | ഡോ.ശ്രീജിത്ത്.എ.പി | 01.04.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. രമ്യശ്രീ | 01.04.15മുതൽ31.03.16വരെ |

| | | |
|---|---|---|
| അസി സെക്രട്ടറി | ശ്രീ.വി.പി.സന്തോഷ്കുമാർ | 01.04.15മുതൽ31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | സാമ്പത്തിക വിശകലനം | 1(2) |
| 3 | ഫണ്ട് വിനിയോഗം | 1(3) |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1(4) |
| 5 | തനത് വരുമാനം. | 1(5) |
| 6 | പദ്ധതി അവലോകനം. | 1(6) |
| 7 | ക്ഷേമപദ്ധതികൾ | 1(7) |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1(8) |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(9) |
| 10 | ആഭ്യന്തരനിയന്ത്രണം | 1(10) |
| | ഭാഗം II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | 2015-16 വർഷത്തിൽ ഡി ആന്റ് ഓ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ | 2(1) |
| 12 | 2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 2(2) |
| | ഭാഗം III – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 13 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്- വിതരണരേഖകളില്ല- ചെലവുതുകയായ 50,000രൂപ തടസ്സപ്പെടുത്തുന്നു. | 3(1) |
| 14 | കുട്ടികൾക്ക് വോളിബോൾ /ഫുട്ബോൾ പരിശീലനം- രേഖ കളുടെ അഭാവം-ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്ന | 3(2) |
| 15 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല- 3,92,718 രൂപ തടസ്സപ്പെടുത്തുന്ന | 3(3) |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-മാർഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3(4) |
| 17 | വാങ്ങിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത് ഉപയോഗിച്ചിട്ടില്ല | 3(5) |
| 18 | ആശ്രയ ചലഞ്ച് ഫണ്ട്-നീക്കി ബാക്കി 1743422 രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 3(6) |
| 19 | സമഗ്ര നെൽകൃഷി വികസനം-പദ്ധതി-വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3(7) |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം (എസ്.എൽ.ബി.പി) പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 1,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3(8) |
| 21 | മഹാത്മാഗാന്ധിതൊഴിലുറപ്പ് പദ്ധതി-അവലോകനം | 3(9) |
| | ഭാഗം IV – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |

| | | |
|---|---|---|
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 27 | ഓഡിറ്റ് റിക്കവറി | 4(6) |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 30 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |
| 31 | അനുബന്ധ പത്രികകൾ | |
| | 1.റസീറ്റ് ഏൻഡ് പെയ്മെന്റ് പത്രിക,ഇൻകം ഏൻന്റ് എക്സ്പെന്റിച്ചർ പത്രിക,ബാലൻസ് ഷീറ്റ് | |
| | 2.ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.2015 തിയതിയിലെ നം. 46/2015 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 29.2.2016 തിയതിയിലെ നം. 33/2016 തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവര് ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ വരവ് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 8304259 | 16764138 | 8459879 |
| വരവ് | 101087183 | 4022429 | (-)60860754 |
| ആകെ | 109391442 | 56990567 | (-)52400875 |
| ചെലവ് | 108613400 | 48171992 | (-)60441408 |
| നീക്കിയിരിപ്പ് | 778043 | 2858317 | 2080274 |

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 16764138 |
| വരവ് | 40226429 |

| | |
|---|---|
| ആകെ | 56990567 |
| ചെലവ് | 48171992 |
| നീക്കിബാക്കി | 8817575 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 144290 | 9964139 | 10108429 | 10108429 | 0 | 100 |
| വികസന ഫണ്ട്(എസ്.സി.പി) | 132351 | 963712 | 1096063 | 1096063 | 0 | 100 |
| വികസനഫണ്ട്(ടി.എസ്.പി) | - | - | - | - | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 238690 | 4800619 | 5039309 | 5039309 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 756894 | 1413106 | 2170000 | 2170000 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 692381 | 3855310 | 4547691 | 4547691 | 0 | 100 |
| ലോക ബാങ്ക് സഹായം | 2857000 | - | 2857000 | 2857000 | 0 | 100 |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

(എ)വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.7.2016 | 15.06.2016 | തിരിച്ചയച്ചിട്ടില്ല | |

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | നൽകിയ സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 25-10-2016 | വിശേഷണങ്ങളോടു കൂടിയത് |

(ബി) വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നുള്ള വാറ്റ്, ആദായ നികുതി, തൊഴിലാളി ക്ഷേമനിധി തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 2011 ലെ അക്കൗണ്ടിംഗ് ചട്ടം 10(1)മുതൽ 5 വരെ, ചട്ടം 13 എന്നിവയിൽ നിർദ്ദേശിച്ച പ്രകാരം വൌച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

3. 2015-16 വർഷത്തിലെ ബി -15 പട്ടികയിലെ ആസ്തി സംബന്ധിച്ച വിശദവിവരം ആസ്തി രജിസ്റ്ററിലെ നീക്കിബാക്കി തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.63ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8960987 | 9253975 | 292988(+) | 3.2 |
| നികുതിയേതര വരവുകൾ | 1046833 | 980715 | 66118(-) | 6.3 (-) |
| മറ്റുവരവുകൾ | 71748 | 24006 | 47742(-) | 66.3(-) |
| ആകെ | 10079568 | 10258696 | 179128(+) | 1.7 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 28659048 | 117 | 25684934 | 3 | 30 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 171980 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 3330600 | 785 |
| വിധവാപെൻഷൻ | 4312800 | 768 |
| വാർദ്ധക്യകാലപെൻഷൻ | 3281400 | 1197 |
| വികലാംഗപെൻഷൻ | 1460000 | 273 |
| അവിവവാഹിതകൾക്കുള്ള പെൻഷൻ | 290400 | 45 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.16 ൽ വൈകുന്നേരം 4.30ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 36,351 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.2.16 മുതൽ 23.2.16 വരെ | 1.11.15 മുതൽ 31.1.16 വരെ | 26.5.16 (നം പി.എ4.2507/16 തീ. 31.3.16) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല | 1997-98 മുതൽ 2005-06 വരെ | 16.3.2010 |

## 1-10 ആഭ്യന്തരനിയന്ത്രണം

(എ) ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഡയരക്ടർ 18/1/2007 ലെ എച്ച്.1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) ഓഫീസ് ഉത്തരവ്: ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നിനാവശ്യമായ വിശദമായ ഓഫീസ് ഉത്തരവുകൾ സെക്രട്ടറി പുറപ്പെടുവിക്കുന്നത് കൃത്യമായി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പകർപ്പ് കൈമാറുകയും ചെയ്യുന്നുണ്ട്.

(രണ്ട്) വ്യക്തി വിവര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വിവിധ തസ്തികകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധ കാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, മേൽ ഖണ്ഡിക – 2 പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2015-16 വർഷത്തിൽ ഡി ആന്റ് ഓ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ

2015-16 വർഷത്തിൽ ഡി ആന്റ് ഓ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾക്ക് ചുവടെ കൊടുക്കുന്നു.

1. ബന്ധപ്പെട്ട ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനവുമില്ലാതെ ലൈസൻസ് പുതുക്കി നല്കുന്നു

ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ മിക്കതും അപൂർണ്ണമാണ്. മിക്ക അപേക്ഷയിലും വിറ്റ് വരവ് കോളം പൂരിപ്പിക്കാതെയോ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്യാതെയുമാണ് ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കുന്നത്. ഡി. ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനായി 2015-16 വർഷത്തിൽ ആകെ 239 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും. എന്നാൽ ഇതിൽ 71 അപേക്ഷകളിൽ ബന്ധപ്പെട്ട ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. 81 അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. പുതുതായി ആരംഭിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകളിൽമാത്രമേ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുള്ളൂ. എല്ലാ അപേക്ഷകളിന്മേലും സമയബന്ധിതമായി അന്വേഷണം നടത്തി പൊതുജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2015-16 വർഷത്തിൽ അപേക്ഷ നൽകിയതിൽ 66 പേർക്കു മാത്രമേ ലൈസൻസ് പുതുക്കി സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നുള്ളൂ. എന്നാൽ അപേക്ഷകളൊന്നും നിരസിച്ചതായും കാണുന്നില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം,മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ, വസ്തുവകകൾക്കോ, അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ, ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് ലൈസൻസ് ഇല്ലാതെയും നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. സെക്ഷൻ 233(3) പ്രകാരം അപേക്ഷ കിട്ടി കഴിയുന്നതും വേഗം സ്ഥാപനസ്ഥലം സംബന്ധിച്ച് പരിശോധന നടത്തി 60 ദിവസത്തിനകം ലൈസൻസ് നല്കുകയോ, നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യണം എന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ പഞ്ചായത്തിൽ അപേക്ഷ സ്വീകരിച്ച് ഡി ഏന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത് മാത്രമാണ് ചെയ്തുകാണുന്നത്. കേവലം വരുമാനമാർഗ്ഗം എന്നതിലുപരി മനുഷ്യന്റെ ജീവനും, ആരോഗ്യത്തിനും, വസ്തുവകകൾക്കും അസഹ്യത ഉണ്ടാക്കുന്നത് ഒഴിവാക്കുക എന്ന ലക്ഷ്യം കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ഗവൺമെന്റ് ഇത്തരത്തിലൊരു ലൈസൻസ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യാതൊരു പരിശോധനയും നടത്താതെ യഥേഷ്ടം സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുമതി നൽകുക വഴി പഞ്ചായത്തിലെ അപകടങ്ങൾ ഒഴിവാക്കാൻ വേണ്ടി കൂടി ഗവൺമെന്റ് ഏർപ്പെടുത്തിയ ടി ലൈസൻസിന്റെ സദുദ്ദേശ്യത്തെ തകിടം മറിക്കുകയാണ് ചെയ്തിട്ടുള്ളത്. അപകടങ്ങൾ വല്ലതുമുണ്ടായാൽ സ്ഥാപനം വേണ്ട രീതിയിൽ പരിശോധിക്കാതെ പ്രവർത്തിക്കാനനുമതി നൽകിയ പഞ്ചായത്തിന് അപകടത്തിന്റെ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാനാവില്ല എന്നുള്ള കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇപ്രകാരം ഡി ഏന്റ് ഒ ലൈസൻസ് അപേക്ഷകളിൻമേൽ യാതൊരു പരിശോധനയും നടത്താതെയും, ലൈസൻസ് വ്യവസ്ഥകളൊന്നും പാലിക്കാതെയും സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാനനുമതി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

3. എക്സൈസ് വകുപ്പിന്റെ അനുമതി പത്രത്തിന്റെ കാലാവധിക്കുശേഷവും ലൈസൻസ്

പുതുക്കിനല്കി. കള്ളുഷാപ്പുകൾക്ക് 31.3.2015 വരെയാണ് എക്സൈസ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ 2015-16 വർഷത്തേക്ക് ഡി ആന്റ് ഓ ലൈസൻസ് പുതുക്കി നല്കിയിട്ടുണ്ട്.

4. മതിയായ അഗ്നിശമന സംവിധാനമുണ്ടോ എന്ന് പരിശോധിക്കാതെ പെട്രോൾ പമ്പ്, എൽ. പി. ജി ഗോഡൌൺ എന്നിവയ്ക്ക് ഡി ആന്റ് ഓ ലൈസൻസ് പുതുക്കി നല്കിയിട്ടുണ്ട്.

5. ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.

## 2-2 2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും ഓരോ അർദ്ധ വർഷവും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ബി.എസ്.എൻ.എൽ, പരിയാരം മെഡിക്കൽ കോളേജ് |
| 2 | ഔഷധി പരിയാരം |
| 3 | അക്കാദമി ഓഫ് മെഡിക്കൽ സയൻസ്(ഡയറക്ടരുടെ ഓഫീസ്) |
| 4 | അക്കാദമി ഓഫ് മെഡിക്കൽ സയൻസ് (പ്രിൻസിപ്പാളുടെ ഓഫീസ്) |
| 5 | അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽസ് പരിയാരം |
| 6 | കോളേജ് ഓഫ് നഴ്സിംഗ്, പരിയാരം |
| 7 | സ്കൂൾ ഓഫ് നഴ്സിംഗ്, പരിയാരം |
| 8 | മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ,പരിയാരം |
| 9 | പരിയാരം ദന്തൽ കോളേജ് |
| 10 | കെ.സി.എച്ച്.സി. പരിയാരം |
| 11 | സഹകരണ ഹൃദയാലയം |
| 12 | ഖാദി കേന്ദ്രം തെക്കേക്കര |
| 13 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി കൈതപ്രം |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന നികുതി ഈടാക്കിയതായി രജിസ്റ്ററിലോ പത്രികകളിലോ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും 2014-15 വർഷത്തിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 2015-16 രണ്ടാം അർദ്ധവർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | പേര് | തസ്തിക | ഒന്നാം അർദ്ധ വർഷത്തിൽ ഈടാക്കിയനികുതി |
|---|---|---|---|
| 1 | ഗവ. ആയുർവേദ കോളേജ്-സൂപ്രണ്ടിന്റെ ഓഫീസ് | | |
| | രവീന്ദ്രൻ എം.പി | നഴ്സിംഗ് അസി. | 1250 |
| | ആയിഷ എം | നഴ്സിംഗ് അസി. | 1250 |
| 2 | ഗവ. ആയുർവേദ കോളേജ്-പ്രിൻസിപ്പാളിന്റെ ഓഫീസ് | | |
| | ഡോ.ബബിത രാധാകൃഷ്ണൻ | അസി.പ്രൊഫ. | 1250 |
| | ഡോ.ആർ. ശ്രീകല | അസി.പ്രൊഫ. | 1250 |
| | ഡോ.ഹൻസു ഷെരീഫ് | അസി.പ്രൊഫ. | 1250 |
| | ഡോ.ജോൺസൺ പി. ജോൺ | അസി.പ്രൊഫ. | 1250 |
| | ഡോ.നിമ്മി കെ. പി | അസി.പ്രൊഫ. | 1250 |

| | | | |
|---|---|---|---|
| | ഡോ.ലക്ഷ്മി എൻ.പി | അസി.പ്രൊഫ. | 1250 |
| 3 | കേരള ഫുഡ് ഹൌസ് | | |
| | ശ്രീനിവാസൻ എ.വി | ടീ മേക്കർ | 750 |
| | പ്രസാദ് പി.കെ | സപ്ലയർ | 450 |
| | കണ്ണൻ ഇ.വി | ക്ലീനിംഗ് | 600 |
| 4 | ഔഷധി | | |
| | ബിജു പി | ട്രെയിനി | 300 |
| | വനജ എം | ട്രെയിനി | 300 |
| | സനോജ് കുമാർ | ട്രെയിനി | 300 |
| 5 | പരിയാരം ഡെന്റൽ കോളേജ് | | |
| | ഷൈന എൻ.കെ | സ്റ്റോർ കീപ്പർ | 1250 |
| | മനോജ് കുമാർ കെ.വി | എക്സ് റേ അസി. | 1250 |
| 6 | സഹകരണ ഹൃദയാലയം | | |
| | ഡോ.സ്റ്റാൻലി ജോസ് | അസോ. പ്രോഫ. | 1250 |
| | ഡോ.വരുൺ | | 1250 |

| | | | |
|---|---|---|---|
| | മനോജ് എസ് | പെർഫ്യൂഷനിസ്റ്റ് | 1250 |
| | ഷീബ വി നായർ | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1000 |
| | സീമ | ഹൌസ് കീപ്പിംഗ് സ്റ്റാഫ് | 450 |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയിട്ടില്ല. കേരള പഞ്ചാത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. മേൽ ജീവനക്കാർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയിട്ടുണ്ടെങ്കിൽ ആ വിവരം റിട്ടേണിൽ സൂചിപ്പിക്കേണ്ടതാണ്. മേൽ ജീവനക്കാരിൽ നിന്നും 2015-16 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവരിൽ നിന്നും 2015-16 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. പരിയാരം മെഡിക്കൽ കോളേജ് എംപ്ലോയീസ് കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ 2015-16 ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പരിയാരം മെഡിക്കൽ കോളേജ് എംപ്ലോയീസ് കോ-ഓപറേറ്റീവ് സൊസൈറ്റി 3 സ്ഥാപനങ്ങൾക്ക് ലൈസൻസിനായി 18.8.15 ന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ നിരസിച്ചിട്ടില്ല. എന്നാൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും രണ്ടാം അർദ്ധവർഷത്തിൽ മാത്രമാണ് ഈടാക്കിയത്. ഇവ മൂന്നും ഒരു സ്ഥാപനമായി കാണിച്ചാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. സ്ഥാപനം സമർപ്പിച്ച റിട്ടേൺ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4. പഞ്ചായത്തിൽ സ്ഥാപന രജിസ്റ്റർ കൃത്യമായി തയ്യാറാക്കി ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തി സൂക്ഷിക്കേണ്ടതാണ്.

5. തൊഴിൽ നികുതി രജിസ്റ്ററിൽ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്- വിതരണരേഖകളില്ല- ചെലവുതുകയായ 50,000രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, ജി..എൽ.പി.സ്കൂൾ ചെറുവിച്ചേരി |
| പ്രൊജക്ട് നമ്പർ | 49/16 |
| പ്രൊജക്ടിന്റെ പേര് | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് |
| അടങ്കൽ | 50000രൂപ (വികസനഫണ്ട്) |
| ചെലവഴിച്ച തുക | 50000 രൂപ |
| ബിൽ നം /തീയ്യതി | 04/2015-16 തീ.30-3-16 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 10 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ് പദ്ധതി .ഇതിനായി സ്പോർട്സ് സോൺ, പിലാത്തറ എന്ന സ്ഥാപനത്തിൽ നിന്ന് 50,000 രൂപ ചെലവഴിച്ച് വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ എത്രയെണ്ണം വീതം ഏതൊക്കെ ക്ലബ്ബുകൾക്ക് വിതരണം ചെയ്യുന്നതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.17/15-16തീ 20-10-2016) രേഖകൾ പിന്നീട് സമർപ്പിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിതരണരേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 50000രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 കുട്ടികൾക്ക് വോളിബോൾ /ഫുട്ബോൾ പരിശീലനം- രേഖകളുടെ അഭാവം-ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്.ചെറുവിച്ചേരി |
| പ്രൊജക്ട് നമ്പർ | 13/16 |
| പ്രൊജക്ടിന്റെ പേര് | രജിസ്റ്റേർഡ് ക്ലബ്ബുകൾ മുഖേന 10 മുതൽ 16വയസ്സ് വരെയുള്ള കുട്ടികൾക്ക് /വോളിബോൾ ഫുട്ബോൾ പരിശീലനം |
| അടങ്കൽ | 1,00,000രൂ<br>(70,000 രൂപ(വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്)<br>(30,000 രൂപ (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1,00,000 രൂപ |
| ബിൽ നം /തീയ്യതി | 7/2015-16 തി.30-3-2016 - 70000 രൂപ |
| ഡി.ഡി. നം/തീയ്യതി | 1500922/ 28-3-2016 - 30000 രൂപ |

ഗ്രാമപഞ്ചായത്തിലെ 10 മുതൽ 16വയസ്സ് വരെയുള്ള 105ആൺകുട്ടികൾക്ക് രജിസ്റ്റേർഡ് ക്ലബ്ബുകളുടെ സഹായത്തോടെ വോളിബോൾ /ഫുട്ബോൾ പരിശീലനം 3 കേന്ദ്രങ്ങളിൽ വെച്ച് 45 ദിവസം നൽകുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ട് ആണിത്. ഇതിനായി 2016ഫെബ്രുവരി 12 മുതൽ മാർച്ച് 27 വരെ 3 കേന്ദ്രങ്ങളിൽ വെച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതിനായി താഴെ ചേർക്കുന്ന പ്രകാരം തുക ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പരിശീലകർക്ക് നൽകിയത് : 3 x 8500=25500 രൂപ

ലഘുഭക്ഷണം : 3 x 20000=60000 രൂപ

വോളിബോൾ, നെറ്റ് വാങ്ങിയത് : 6428 രൂപ

ഫുട്ബോൾ വാങ്ങിയത് : 6838 രൂപ

ട്രാൻസ്പോർട്ടേഷൻ : 1000 രൂപ

മെഡിക്കൽ ചെലവ് : 233 രൂപ

i) 3കേന്ദ്രങ്ങളിലും കുട്ടികൾക്ക് ലഘുഭക്ഷണം നൽകിയ വകയിൽ 20,000 രൂപ വീതം കുടുംബശ്രീ സെക്രട്ടറിമാരായ ശ്രീജ.കെ, എൻ.പി.ശ്രീമതി, കെ.സാവിത്രി എന്നിവർ കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ട്. ക്യാമ്പിൽ പങ്കെടുത്തവർക്ക് ലഘുഭക്ഷണം നൽകിയതിന്റെ ചെലവുരേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

ii) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/15-16 തീ. 20-10-2016) ചെലവുരേഖകൾ വൗച്ചറുകളോടൊത്ത് ചേർത്തുവെച്ചിട്ടുണ്ടെന്നും പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി മാത്രം വൗച്ചറുകളോടൊത്ത് ചേർത്തുവെച്ചതായാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 1,00,000രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 3,92,718 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ,ജി .എൽ.പി.എസ്.ചെറുവാച്ചേരി

ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ പ്രൊജക്ട് നമ്പർ 11/16 ന്റെ നിർവഹണത്തിനായി എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ബിൽ നമ്പർ 1/2015-16 തീ. 31-8-2015 പ്രകാരം പിൻവലിച്ച 3,92,718രൂപ (വികസനഫണ്ട് ) ഡി.ഡി.നമ്പർ 149632 / 11-09-2015 പ്രകാരം എസ്.എസ്.എ കണ്ണൂർ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.16/15-16തി. 20-10-2016) വിനിയോഗസാക്ഷ്യപത്രം പിന്നീട് ലഭ്യമാക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3,92,718 രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-മാർഗരേഖാനിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പര് | 6/16 |
| അടങ്കൽ | 5,00,000 രൂപ |
| | 2,50,000രൂപ (വികസനഫണ്ട്) |
| | 1,25,000രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | 1,25,000രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവു തുക | 5,00,000 രൂപ |
| | 2,50,000 (ബിൽ നം 9/15-16 / 30-3-16) |
| | 2,50,000 രൂപ (ചെക്ക് നം.1500939/ 30-3-16) |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 52കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയുക്ത പ്രൊജക്ട് ആണിത്. ജി.ഒ.എം.എസ്. 362/2013 ത.സ്വ.ഭ.വ. തീ. 16-11-2013 പ്രകാരമുള്ള 12-)o പഞ്ചവത്സരപദ്ധതി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അനുവദനീയമായ 1000രൂപ നിരക്കിൽ 34 ഗുണഭോക്താക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ് നൽകിയിട്ടുണ്ടെങ്കിലും ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹമായ തുകയേക്കാൾ കുറഞ്ഞ നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പഠിക്കുന്ന ക്ലാസ് | കുട്ടികളുടെ എണ്ണം | ഡേ സ്കോളർ - പ്രതിമാസ സ്കോളർഷിപ്പ് | | വാർഷിക ബത്ത | |
|---|---|---|---|---|---|---|
| | | | അർഹമായത് (രൂപ) | അനുവദിച്ചത് (രൂപ) | അർഹമായത് (രൂപ) | അനുവദിച്ചത് (രൂപ) |
| 1 | 1,2,3, 4 | 3 | 400 | 317 (1 വർഷം 3800 രൂപ) | 500 | ഇല്ല |
| 2 | 5,6,7,8 | 7 | 500 | 350 | 600 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 9,10 +1,+2 | 7 | 600 | 450 | 800 | ഇല്ല |
| 4 | ബിരുദാനന്തര ബിരുദം | 1 | 1000 | 1000 | 1500 | ഇല്ല |

ജി.ഒ.എം.എസ്. 362/2013 ത.സ്വ.ഭ.വ. തീ. 16-11-2013 പ്രകാരമുള്ള12-)o പഞ്ചവത്സര പദ്ധതിമാർഗരേഖ ഖ. 8(iv) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും വാർഷികബത്തയും നൽകാനുള്ള തുക വികസനഫണ്ടിൽ നിന്നും നിർബന്ധ മായും വകയിരുത്താൻ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് തുക വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.18/15-16 തീ. 20-10-2016) കൂടുതൽ യോഗ്യരായ ചില അപേക്ഷകൾ കൂടി പരിഗണിക്കേണ്ടി വന്നതിനാലും തുക തികയാതെ വന്നതിനാലുമാണ് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യേണ്ടിവന്നതെന്നാണ് നിർവഹണോദ്യാഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. പദ്ധതിമാർഗരേഖ പാലിച്ച് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും വാർഷികബത്തയും കൃത്യമായ നിരക്കിൽ നൽകാനുള്ള നിർബന്ധ നടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 വാങ്ങിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത് ഉപയോഗിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യാഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി, |
| പ്രൊജക്ട് നമ്പർ | 156/16 |
| പ്രൊജക്ടിന്റെ പേര് | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 2,50,000 രൂപ |
| | ( 1,30,000(വികസനഫണ്ട്)<br>1,20,000(തനത്ഫണ്ട്) |
| ചെലവ് തുക | 1,56,202 രൂപ |
| | (വൗച്ചർ നമ്പർ 21501205 തീ.31-3-2016 - 1,30,000 രൂപ, |
| | വൗച്ചർ നമ്പർ 21501206 തീ.31-3-2016 - 26,202 രൂപ) |

പഞ്ചായത്ത് ഓഫീസിന്റെ ഉപയോഗത്തിനായി 3 കമ്പ്യൂട്ടറുകളും കണ്ടോന്താർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് വേണ്ടി 1കമ്പ്യൂട്ടറും ലേസർ പ്രിന്ററും വാങ്ങുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ ഇത്. ഇതിനായി പുതിയ 4 കമ്പ്യൂട്ടറുകളും 1ലേസർ പ്രിന്ററും ഇൻഡസ് ഇ മാർട്ട്

കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 1,56,202രൂപ നല്കി വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ 2കമ്പ്യൂട്ടറുകളും ലേസർ പ്രിന്ററും ഇതുവരെ വിതരണം ചെയ്ത് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. കമ്പ്യൂട്ടറുകളുടെ വാറന്റി പിരിയഡ് മൂന്ന് വർഷമാണെന്നിരിക്കെ 29-3-2016ന് വാങ്ങിയവ 6 മാസത്തോളമായിട്ടും വിതരണം ചെയ്ത് ഉപയോഗിക്കാത്തത് ശരിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/15-16തീ. 19-10-2016) പഞ്ചായത്ത് ഓഫീസിന്റെ ഉപയോഗത്തിനായി 1 കമ്പ്യൂട്ടർ കൂടി അത്യാവശ്യമായതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് നൽകാതെ പഞ്ചായത്ത് ഓഫീസിൽ ഭരണസമിതിയുടെ 31-5-2016ലെ 92(16)-)ാ നമ്പർ തീരുമാനപ്രകാരം ഉപയോഗിക്കുകയാണുണ്ടായത് എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന് വേണ്ടി 1കമ്പ്യൂട്ടറും ലേസർ പ്രിന്ററും വാങ്ങിയതിൽ ലേസർ പ്രിന്റർ എവിടെയാണ് ഉപയോഗിക്കുന്നത് എന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ വാങ്ങിയ 2കമ്പ്യൂട്ടറുകളും ലേസർ പ്രിന്ററും ഇതുവരെ വിതരണം ചെയ്ത് ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചതായാണ് കാണാൻ സാധിച്ചത്. തൃപ്തികരമായ വിശദീകരണത്തിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-6 <u>ആശ്രയ ചലഞ്ച് ഫണ്ട്-നീക്കി ബാക്കി **1743422** രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.</u>

ആശ്രയ ചലഞ്ച് ഫണ്ട് ബേങ്ക് പാസ് ബുക്ക് പ്രകാരം താഴെപറയുന്ന തുക നീക്കിയിരിപ്പുണ്ട്.

| തീയ്യതി | നീക്കിയിരിപ്പ് |
|---|---|
| 31.3.16 | 1638090 |
| 6.10.16 | 1743422 |

ഇതിൽ നിന്നും മാസം 5000 രൂപയിൽ താഴെ മാത്രമാണ് പോഷകാഹാര കിറ്റ് വിതരണത്തിന് ചെലവാകുന്നത്. 2011-12 ന് ശേഷം മരുന്നിനോ മറ്റ് ആവശ്യങ്ങൾക്കോ തുക ചെലവഴിച്ചിട്ടില്ല. നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. 2012-13 ന ശേഷം ചലഞ്ച് ഫണ്ട് ഓഡിറ്റ് ചെയതിട്ടില്ല. ആശ്രയ ചലഞ്ച് ഫണ്ട് കുടുംബശ്രീ തനത് ഫണ്ടിനോടൊപ്പം ഒരേ ബേങ്ക് അക്കൌണ്ടിലാണ് സൂക്ഷിക്കുന്നത്. ഇവ വേർതിരിച്ച് മനസിലാക്കാൻ സാധിക്കുന്നില്ല. ഇത്രയും വലിയ തുക ഡെഡ് മണിയായി ബേങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി ഉള്ളതിന്റെ കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ -7/ 19 -10-2016 നല്കിയതിന് നീക്കിയിരിപ്പ് താഴെപറയുന്ന പ്രകാരമാണെന്ന് അറിയിച്ചു.

| ഫണ്ട് | നീക്കിയിരിപ്പ് |
|---|---|
| ആശ്രയ | 1178040 (773403 + 404637 പലിശ) |

| | |
|---|---|
| കമ്പ്യൂട്ടർ | 30823 (20507 + 10316 പലിശ) |
| എസ്.സി.എ | 244244 (53429 + 184815 പലിശ) |
| തനത് | 290315 (238172 + 52653 പലിശ) |
| ആകെ | 1743422(1085511 + 652421 പലിശ) |

മേൽ പറഞ്ഞ കണക്ക് പ്രകാരം ഇത്രയും വലിയ തുക പലിശ ഇനത്തിൽ മാത്രം വരുന്നത് വസ്തുതാപരമാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും സാമ്പത്തികമായി സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള അഗതികൾക്ക് സഹായകരമായ ആശ്രയ ചലഞ്ച് ഫണ്ട് നിഷ്ക്രിയമാവുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 സമഗ്ര നെൽകൃഷി വികസനം-പദ്ധതി-വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| പ്രൊജക്ട് നമ്പർ | 14/16 |
| അടങ്കൽ | 1171290 |
| ഫണ്ട് | വികസന ഫണ്ട്-541290 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം-67500 |
| | ജില്ലാ പഞ്ചായത്ത് വിഹിതം-112500 |
| | ഗുണഭോക്തൃ വിഹിതം(നേരിട്ട്)-450000 |
| ബിൽ നമ്പർ/തീയ്യതി | 2/27.11.15 - 271290രൂപ |

| | |
|---|---|
| | 5/30.1.16- 114714 രൂപ |
| | 6/ 30.1.16- 114714 രൂപ |
| | 7/30.1.16- 40572 രൂപ |

മേൽ തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് വിത്തും ഉഴവ് കൂലിയും നല്കി. എന്നാൽ ധന സഹായം ലഭ്യമാക്കണമെങ്കിൽ ഗുണഭോക്താക്കൾ മുൻകൂറായി വിള ഇൻഷൂർ തുക അടയ്ക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. (സ.ഉ.(എം.എസ്.) നമ്പർ.362/13/ത.സ്വ.ഭ.വ. തീ.16.11.13 അനുബന്ധം 16.3.1.5.കാണുക)

വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ 20.10.2016 ന മുമ്പായി ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ -9/19-10-2016 നല്കിയതിന് മുഴവൻ കർഷകരും തയ്യാറാവാത്തതിനാൽ വിള ഇൻഷൂർ തുക അടയ്ക്കണം എന്ന നിബന്ധന പാലിക്കാൻ സാധിച്ചിട്ടില്ല എന്ന മറുപടി നല്കി. ഇത് തൃപ്തികരമായ മറുപടി അല്ല. ഭാവിയിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുമ്പോൾ മാർഗ്ഗ രേഖ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-8 പ്രത്യേക കന്നുകുട്ടി പരിപാലനം (എസ്.എൽ.ബി.പി) പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 1,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട്നമ്പർ | S-18/2016 |
| അടങ്കൽ | വികസന ഫണ്ട് (പൊതു) - 1,50,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 1,50,000, ഗുണഭോക്തൃ വിഹിതം<br>നേരിട്ട് ചെലവഴിക്കുന്നത് - 3,00,000<br>ആകെ - 6,00,000 രൂപ |
| വികസന ഫണ്ടിൽ നിന്ന്<br>ചെലവഴിച്ച തുക | 1,50,000 രൂപ |
| ബിൽനം./തീയ്യതി | 1/2015-16 – 26.8.2015 |
| ഡെപ്യൂട്ടി ഡയരക്ടർ (A.H)<br>Special Live Stock Breeding Programme, Kannurന്റെ കൈപ്പറ്റു വിവരം | ര.നം. 31/26-8-15.<br>DD No.149433/<br>26-08-2015 |

പ്രത്യേക കന്നുകുട്ടി പരിപാലനം (എസ്.എൽ.ബി.പി)പദ്ധതികൾക്കുള്ള ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി എസ്.എൽ.ബി.പി പ്രോജക്ട് ഓഫീസർക്ക് 1,50,000 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ 25% തുകയായി വികസന ഫണ്ടിൽ നിന്നും 2015-16 ൽ ചെലവഴിച്ച1,50,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 1,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 മഹാത്മാഗാന്ധിതൊഴിലുറപ്പ് പദ്ധതി-അവലോകനം

i). വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ്+പലിശ | ആകെ വരവ് | ചെലവ് | ബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 791 | 7,57,77,397 | 75,78,188 | 75,69,592 | 8,596 | 99.88 |

ii). ഭരണചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണചെലവ് | 6 % ഭരണചെലവ് | അധികം | അധികം % |
|---|---|---|---|---|---|
| 2015-16 | 75,69,592 | 3,30,867 | 4.3 | ഇല്ല | |

iii). വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ്

| വർഷം | വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ് പ്രകാരം നിർദ്ദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | % |
|---|---|---|---|
| 2015-16 | 373 | 169 | 45 |

നൂറുദിന തൊഴിൽ ആവശ്യപ്പെട്ട 47കുടുംബങ്ങളിൽ 7 കുടുംബങ്ങൾക്ക് 100 ദിന തൊഴിൽ നൽകി.മുഴുവൻ ബിപിഎൽ കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2104 കുടുംബങ്ങളിൽ ആകെ 1945 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നല്കി. 2015-16 വർഷങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ BPL കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പുൾപ്പെടെ വരവ് തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 53,194 | അംഗണവാടി പോഷകാഹാരം | - | 53,194 |

| | | | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം | | |
| ജില്ലാപഞ്ചായത്ത് | 11,364 | സാന്ത്വന പരിചരണം | 11,364 | -- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നും ഉണ്ടായിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 317/10 /തസ്വഭവ. തീ. 28.1.10 | 1,13,52,500 | 1482447 | 1482447 | | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,25,60,973 |
| തൻവർഷം നിക്ഷേപിച്ച തുക | 23,13,281 |
| ആകെ | 1,48,74,254 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,48,42,254 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,48,74,254 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെവിവരം<br>ബാങ്ക്, കാലാവധിതീയതി | തുക | രശീതിനം, |
|---|---|---|
| കടന്നപ്പള്ളി പാണപ്പുഴ കോ.ഓപ്പ ബാങ്ക് | 22,02,000 | 485 |
| | 22,02,000 | 486 |
| | 22,02,000 | 487 |
| | 22,02,000 | 488 |
| മാടായി കോ ഓപ്പ് ബാങ്ക് | 2,74,240 | 1102111113504 |
| | 11,78,906 | 1802111103177 |
| | 13,02,202 | 1802111103178 |
| | 11,78,906 | 1802111103179 |
| | 11,00,000 | 1802111103255 |
| | 10,00,000 | 18021112359 |
| വിസ്മയ ഷെയർ | 20,000 | 4426/9.4.11 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-5 | 2009-10 | 3-4-2(5) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥ | ഓഡിറ്റ് കാലയളവിൽ കടമുറികൾ വാടകക്ക് കൊടുത്തിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,02,26,429 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,81,71,992 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,92,718 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 50,000 | ശശികല, ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. ചെറുവിച്ചേരി |
| 3-2 | 1,00,000 | " |
| 3-3 | 3,92,718 | " |
| 3-8 | 1,50,000 | ഡോ. സുജോയ്, വെറ്റിനറി സർജൻ |
| ആകെ | 6,92,718 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-6

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഒന്നുമില്ല | | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ /സി.6/830/15-2 തീയതി:07.08.15 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ /സി.6/830/15-3 തീയതി:07.08.15 | 8 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി.6/830/15-7 തീയതി:07.08.15 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി.6/830/15-8 തീയതി:07.08.15 | 1 |

| | | |
|---|---|---|
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.6/830 /15-11 തീയതി:07.08.15 | 12 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.6/830 /15-12 തീയതി:07.08.15 | 15 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.6/965/16 തീയതി:16.06.16 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# <u>Annexure- 1</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No: KSA/KNR/C3-2080/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
ഇ-മെയിൽ:lfaddistofficeknr@gmail.com

ഫോൺ: 0497 2707698.

തീയ്യതി: 01/12/2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

Annexure -1

AUDIT CERTIFICATE

No.KSA/KNR/C3-2080/2016.

Kerala State Audit Department

District Audit Office, Kannur-670 001

Phone: 0497 2707698

e-Mail:lfaddistofficeknr@gmail.com

Date : 01/12/2016.

Certified that I have audited the annual Financial Statement of Kadannappalli Panappuzha Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Kadannappalli Panappuzha Grama Panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.

# Annexure - 2

## റസീറ്റ് ഏൻഡ് പെയ്മെന്റ് പത്രിക,ഇൻകം ഏൻന്റ് എക്സ്പെന്റിച്ചർ പത്രിക,ബാലൻസ് ഷീറ്റ്

KADANNAPPALLI PANAPPUZHA

GRAMA PANCHAYAT

Receipt and Payment Statement

For the period from 01 April 2015 to 31 March 2016

| Code | Head of Account | Schedule | Amount |
|---|---|---|---|
| Opening Balance | | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 16711091<br>53047 |
| Receipts | | | |
| Operating<br>110000000 | Tax Revenue | RP-1 | 5148200 |
| 130000000 | Rental Income from Panchayat Properties | RP-3 | 5000 |
| 140000000 | Fees & User charges | RP-4 | 339477 |
| 150000000 | Sale & Hire charges | RP-5 | 350779 |

| | | | |
|---|---|---|---|
| 160000000 | Revenue Grants Funds, Contributions & Compensations | RP-7 | 6880230 |
| 171000000 | Interest Earned | RP-9 | 204309 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23661813 |
| 350000000 | Other liabilities | RP-36 | 35750 |
| | | | |
| 180000000 | Other income | RP-10 | 30166 |
| 311000000 | Ear marked Funds | RP-29 | 20395 |
| 340000000 | Deposits Received | RP-34 | 198000 |
| 350000000 | Other Liabilities | RP-36 | 170381 |
| 410000000 | Fixed Assets | RP-38 | 66345 |
| 431000000 | Sundry Debtors(Receivables) | RP-43 | 3105584 |
| 460000000 | Loans, Advances and Deposits | RP-47 | 10000 |
| Grand Total 56990567 | | | |
| Payments | | | |
| Operating<br>210000000 | Establishment expenses | RP-11 | 1433993 |
| 220000000 | Administrative expenses | RP-12 | 1040126 |
| 230000000 | Operations & Maintenance | RP-13 | 306844 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3012181 |
| 251000000 | Decentralised Plan Programme-Servicce Sector | RP-16 | 5326471 |
| 252000000 | Decentralised Plan Programme-Infrastructure sector | RP-17 | 3830268 |

| | | | |
|---|---|---|---|
| 253000000 | Decentralised PlanProgramme-Projects notincluded in Sector Vision | RP-18 | 185700 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes(not in ) | RP-19 | 396980 |
| 255000000 | Maintenance Projects | RP-20 | 3957182 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 10000 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000 |
| 280000000 | Prior Period item | RP-26 | 50 |
| 320000000 | Grants,funds & contributionsfor specific purposes | RP-31 | 986541 |
| 350000000 | Other Liabilities | RP-36 | 3363231 |
| Non operating | | | |
| 240000000 | Interest and finance charges | RP-14 | 810 |
| 280000000 | PriorPeriod Item | RP-26 | -36 |
| 330000000 | Secured loans | RP-32 | 1482447 |
| 340000000 | Deposits Received | RP-34 | 77950 |
| 350000000 | Other liabilities | RP-36 | 1687459 |
| 410000000 | Fixed Assets | RP-38 | 19819795 |
| 420000000 | Investments | RP-41 | 1020000 |
| 460000000 | Loand, Advances and Deposits | RP-47 | 229000 |
| | | | |
| Closing Balance | | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(b)<br>RP-40(b) | 8670975<br>147600 |
| GrandTotal 56990567 | | | |

KADANNAPPALLI PANAPPUZHA

GRAMA PANCHAYAT

Income & Expenditure Statement

For the period from 01 April 2015 to 31 March 2016

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 8890125 |
| 120000000 | Assigned revenues,shared taxes and compensations(blocked) | I-2 | |
| 130000000 | Rental income from Panchayat Properties | I-3 | 37000 |
| 140000000 | Fees & User charges | I-4(b) | 394377 |
| 150000000 | Sale & Hire charges | I-5(b) | 350779 |
| 151000000 | Receiptsfrom transterred Institutions | I-5(a) | 0 |
| 160000000 | RevenueGrants, Funds, contributions & Compensations | I-6 | 41193120 |
| 170000000 | Income from investments | I-7 | 0 |
| 171000000 | Interest Earned | I-8 | 1497590 |
| 180000000 | Other Inceme | I-9 | 30166 |
| A | Total Income | | 52393157 |

| | | | |
|---|---|---|---|
| | Expenditure | | |
| 210000000 | Establishment Expnses | I-10(b) | 6377961 |
| 220000000 | Administrative Expenses | I-11(b) | 1040126 |
| 230000000 | Operations & Maintenance | I-12(b) | 306844 |
| 240000000 | Interest and finance charges | I-13 | 810 |
| 250000000 | Decentralised Plan Programme – Productive Sector | I-14 | 4848375 |
| 251000000 | Decentralised Plan Programme – Service sector | I-14(a) | 9883893 |
| 252000000 | Decentralised Plan Programme – Infrastructure Sector | I-14(b) | 3462947 |
| 253000000 | Decentralised Plan Programme-Projects not included in sector division | I-14(c) | 185700 |
| 254000000 | Expenditures of Transfererred Institutions & State Sponsored Schemes(not included underDecentralised Plan Programme) | I-14(d) | 13072180 |
| 255000000 | Maintenance Projects | I-14(e) | 3957182 |
| 256000000 | Other revenue grants & funds – Revenue Expenses | I-15(a) | 10000 |
| 260000000 | Grats, contributions and Compensations fron Own Fund | I-15 | 5000 |
| 272000000 | Depreciation | I-17(a) | 3485451 |
| B | Total Expenditure | | 4636469 |
| C=A-B | Gross Surplus/Deficit of Income overExpenditure | | 5756688 |
| D=280000000 | Prior Period item | I-18 | (7236) |
| E=C-D | Gross Surplus/Deficit of Income over Expenditure | | 5763924 |

| | | | |
|---|---|---|---|
| 290000000 | after prior period items<br>Transfer to Reserve Funds | | |
| | Net balance being surplus/deficit carried over to Balance Sheet (Panchayat Fund) | | |

KADANNAPPALLI-PANAPPUZHA

GRAMA PANCHAYAT

BALANCE SHEET

As on 31March 2016

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| Liabilities | | | |
| | Reserve & Surplus | | |
| 310000000 | Municipal (General)Fund (CodeNo.310) | B-1 | 30434254.52 |
| 311000000 | Ear marked Funds | B -2 | 23708 |
| 312000000 | Reserves | B-3 | 39921158 |
| | Total Reserves& Surplus | | 70379120.52 |
| | Grants contributions for specific purposes | | |
| 320000000 | Grants,funds&contributions for specific purposes | B-4 | 69600.93 |
| | Total Grants contributions for specific purposes | | 69600.93 |
| Current 1iabilities and provisions | | | |
| 340000000 | Deposits Received | B-7 | 415605 |
| 341000000 | Deposit works | B-8 | 0 |
| 350000000 | Other Liabilities | B-9 | 526419.55 |

| | | | |
|---|---|---|---|
| | Total Current liabilities & Provisions | | 942024.55 |
| | Total Liabilities | | 71390746 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55565880 |
| 411000000 | Accumulated Depreciation | B-11 | (9192849) |
| 412000000 | Capital work in progress | B-11(a) | |
| | Total fixed assets | | 46373031 |
| | Investments | | |
| 420000000 | Investments | B-12 | 14874254 |
| | Total investments | | 14874254 |
| Current Assets,Loans and advances | | | |
| 430000000 | Stock-in-hand | B-14 | |
| 431000000 | Sundry Debtors(receivables) | B-15 | 1210686 |
| 450000000 | Cash & Bank balance | B-17 | 8818575 |
| 460000000 | Loans Advances and deposits | B-18 | 114200 |
| | Total current assets, loans and advances | | 10143461 |
| | TOTAL ASSETS | | 71390746 |